(ബി) ഇത്തരം ഒരു നിർദ്ദേശം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

ലീഗൽ അസിസ്റ്റന്റ് നിയമനത്തിനുള്ള യോഗ്യത

19 [4994] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി 3, 4 വിഭാഗത്തിൽപ്പെട്ടവരെ ലീഗൽ അസിസ്റ്റന്റുമാരായി നിയമിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള യോഗ്യതകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ലീഗൽ അസിസ്റ്റന്റ് ട്രാൻസ്ഫർ/പ്രൊമോഷൻ നിയമനത്തിന് അപേക്ഷ സമർപ്പിക്കുമ്പോഴും പരീക്ഷ എഴുതുമ്പോഴും ജോലി ചെയ്തിരുന്ന വകുപ്പിലെ ജോലി രാജി വച്ചാൽ രാജി വച്ചതിനുശേഷം മുമ്പ് എഴുതിയ പരീക്ഷയുടെ അടിസ്ഥാനത്തിൽ കാറ്റഗറി 4 വിഭാഗത്തിൽപ്പെടുത്തി ലീഗൽ അസിസ്റ്റന്റ് ആയി നിയമനം നൽകാൻ വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ ചട്ടം ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാറ്റഗറി 3, 4,-ൽ ലീഗൽ അസിസ്റ്റന്റായി നിയമനം ലഭിച്ചവർ അപേക്ഷ സമർപ്പിക്കുമ്പോൾ ഏതു വകുപ്പിലായിരുന്നു എന്നും പരീക്ഷ എഴുതുമ്പോൾ ഏതു വകുപ്പിലായിരുന്നു എന്നും ലീഗൽ അസിസ്റ്റന്റായി നിയമനം നൽകുമ്പോൾ ഏതു വകുപ്പിലായിരുന്നു ജോലി ചെയ്തിരുന്നതെന്നും വെളിപ്പെടുത്തുമോ;

(ഡി) ഇവരിൽ ആരൊക്കെ ഈ കാലയളവിനുള്ളിൽ മുമ്പ് ജോലി ചെയ്തിരുന്ന വകുപ്പിലെ ജോലി രാജിവയ്ക്കുകയോ ഉപേക്ഷിക്കുകയോ ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ വ്യവസ്ഥകൾ പ്രകാരമാണ് കാറ്റഗറി 3, 4 വിഭാഗത്തിൽപ്പെട്ടവരെ ലീഗൽ അസിസ്റ്റന്റുമാരായി നിയമിക്കുന്നത്. റൂളിന്റെ പകർപ്പ് അനുബന്ധം I ആയി ചേർക്കുന്നു. †

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാറ്റഗറി 3-ൽ ആരെയും നിയമിച്ചിട്ടില്ല. കാറ്റഗറി 4-ൽ നിയമിച്ചവരുടെ ലിസ്റ്റ് അനുബന്ധം II ആയി ചേർക്കുന്നു. †

(ഡി) ഇവരിൽനിന്ന് ശ്രീ. എൻ. ജീവൻ ഈ കാലയളവിനുള്ളിൽ മുമ്പ് ജോലി ചെയ്തിരുന്ന വകുപ്പിലെ ജോലിയിൽനിന്നും പുതിയ ജോലി സ്വീകരിക്കുന്നതിനു വേണ്ടി 'റിലീവ്' ചെയ്ത് പോയിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly